പാലത്ത് പാലോളി താഴം റോഡിന്റെ നിർമ്മാണം

263(1334) ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ പാലത്ത് പാലോളി താഴം റോഡിന്റെ 0/000/4/400 വരെയുള്ള പ്രവൃത്തികൾക്ക് എത്ര ലക്ഷം രൂപയുടെ ഭരണാനുമതിയാണ് ലഭിച്ചതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത റോഡിന്റെ എത്ര കിലോ മീറ്റർ വരെ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ടെന്നും ബാക്കി ഭാഗത്തെ പ്രവൃത്തി എന്തുകൊണ്ടാണ് കരാറുകാരൻ പൂർത്തീകരിക്കാത്തതെന്നും വെളിപ്പെടുത്താമോ;

(സി) ബാക്കി വരുന്ന റോഡിന്റെ പ്രവൃത്തിയ്ക്ക് എത്ര രൂപയുടെ എസ്റ്റിമേറ്റാണ് കണക്കാക്കിയതെന്ന് വെളിപ്പെടുത്താമോ;

(ഡി) പാലത്ത് പാലോളി താഴം റോഡിന്റെ പൂർണ്ണമായ പ്രവൃത്തി എപ്പോൾ ആരംഭിക്കുമെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) കോഴിക്കോട് ജില്ലയിലെ പാലത്ത് പാലോളി താഴം റോഡിന്റെ കി.മീ. 0/000 മുതൽ 4/400 വരെയുള്ള പ്രവൃത്തികൾക്ക് 250 ലക്ഷം രൂപയുടെ ഭരണാനുമതിയാണ് നൽകിയിട്ടുള്ളത്.

(ബി) പ്രസ്തുത റോഡിൽ ജപ്പാൻ കുടിവെള്ള പദ്ധതിയുടെ ഭാഗമായുള്ള പൈപ്പ് ലൈൻ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട പ്രവൃത്തികൾ കാരണമാണ് കരാറുകാരന് റോഡ് പ്രവൃത്തി പൂർത്തീകരിക്കുവാൻ സാധിക്കാത്തത്.

(സി) 81,42,000 രൂപയുടെ എസ്റ്റിമേറ്റാണ് ബാക്കി വരുന്ന പ്രവൃത്തിക്ക് കണക്കാക്കിയിട്ടുള്ളത്.

(ഡി) നിലവിലുള്ള പ്രവൃത്തി അവസാനിപ്പിച്ച കരാറുകാരനെ പ്രവൃത്തിയിൽ നിന്നും ഒഴിവാക്കുന്നതിനുള്ള ശിപാർശയിന്മേൽ തുടർ നടപടി സ്വീകരിക്കുന്നതി നാവശ്യമായ അധികവിവരങ്ങൾ ലഭ്യമാക്കുവാൻ പൊതുമരാമത്ത് നിരത്തുകളും പാലങ്ങളും വിഭാഗം ചീഫ് എഞ്ചിനീയറോട് ആവശ്യപ്പെട്ടിട്ടുണ്ട്. അന്തിമ തീരുമാനമാകുന്ന മുറയ്ക്ക് പ്രവൃത്തി ആരംഭിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly